പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1765 05.02.2019 ൽമറുപടിയ്ക്ക്

## വാഹന രജിസ്ട്രേഷൻ സേവന മേഖലയിലെ ചൂഷണം തടയുവാൻ നടപടി

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വാഹന രജിസ്ട്രേഷൻ സേവന മേഖലയിൽ ഏജന്റുമാരുടെ ചൂഷണം വ്യാപകമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാഹന രജിസ്ട്രേഷൻ മേഖലയിൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകിയിട്ടുളള ഡീലർമാർ മാത്രമാണ് പ്രവർത്തിക്കുന്നത് |
| (ബി) | എങ്കിൽ ഈ ചൂഷണം അവസാനിപ്പിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ഫീസ്. ടാക്സ്, ക്യാമറ വഴിയുള്ള കേസുകളിലെ പിഴ തുക എന്നിവ ഓൺലൈൻ ആയി അടയ്ക്കാനുള്ള സൗകര്യങ്ങൾ നിലവിൽ ഉണ്ട്. വാഹൻ, സാരഥി സോഫ്റ്റ് വെയറുകൾ നടപ്പിലാക്കുന്നതോടെ ഇത്തരം പരാതികൾ ഒഴിവാക്കാൻ സാധിക്കും. വാഹന രജിസ്ട്രേഷൻ സംബന്ധിച്ച താൽക്കാലിക, രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ ആയി നടത്തപ്പെടുന്നു. ഇതിൽ ഇടനിലക്കാരുടെ പ്രവർത്തനങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. |
| (സി) | വാഹന രജിസ്ട്രേഷൻ സേവനങ്ങളും ലൈസൻസ് നടപടികളും ലളിതവും സുതാര്യവുമാക്കുവാൻ ലക്ഷ്യമിട്ട് കേന്ദ്ര ഉപരി തല ഗതാഗത മന്ത്രാലയം തയ്യാറാക്കിയ വാഹൻ സാരഥി എന്നീ സോഫ്റ്റ് വെയറുകൾ സംസ്ഥാന മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെ ങ്കിൽ അതിന്റെ നടപടികൾ ഏത് ഘട്ടത്തി ലാണെന്ന് വ്യക്തമാക്കുമോ? | (സി) | വാഹനം, സാരഥിയും നടപ്പിലാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാനായി പ്രത്യേക സംഘങ്ങളെ രൂപീകരിക്കുകയും ചെയ്തു. സാരഥി പരീക്ഷണ അടിസ്ഥാനത്തിൽ 3 ഓഫീസുകളിൽ നടത്തിവന്നത് എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. നിലവിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നത് സാരഥിയിലൂടെ മാത്രമാണ്. സാരഥിയുടെ ബാക്കി സേവനങ്ങളും വാഹനം മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് തെറ്റുകൾ കണ്ടുപിടിച്ച് എൻ.ഐ.സി യെ അറിയിച്ച് മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ